പാലിയേറ്റീവ് നഴ്സുമാരുടെ ഓണറേറിയം വർദ്ധിപ്പിക്കാൻ നടപടി

84 (T*4368) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കീഴിൽ എത്ര പാലിയേറ്റീവ് നഴ്സുമാർ ജോലി ചെയ്യുന്നുണ്ടെന്ന് ജില്ല തിരിച്ച് വിശദമാക്കാമോ ;

(ബി) ഇവർക്ക് പ്രതിമാസം എത്ര രൂപയാണ് ഓണറേറിയം ഇനത്തിൽ അനുവദിക്കുന്നത് ;

(സി) ഓണറേറിയം വർദ്ധിപ്പിക്കാനുള്ള നിർദ്ദേശം പരിഗണനയിൽ ഉണ്ടോ ; വിശദമാക്കാമോ ;

(ഡി) ഇല്ലെങ്കിൽ ഓണറേറിയം വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കീഴിൽ സാന്ത്വന പരിചരണ പദ്ധതിയിൽ ജോലി ചെയ്യുന്ന കമ്മ്യൂണിറ്റി നഴ്സുമാരുടെ ജില്ല തിരിച്ചുള്ള എണ്ണം ചുവടെ ചേർത്തിരിക്കുന്നു:

ക്രമ നമ്പർ	ജില്ല	കമ്മ്യൂണിറ്റി നഴ്സുമാരുടെ എണ്ണം
(1)	(2)	(3)
1	തിരുവനന്തപുരം	81
2	കൊല്ലം	75
3	പത്തനംതിട്ട	59
4	ആലപ്പുഴ	78
5	കോട്ടയം	78
6	ഇടുക്കി	53
7	എറണാകുളം	100
8	തൃശ്ശൂർ	100
9	പാലക്കാട്	95

LIBRARY ARCHIVES Kerala Legislative Assembly

(1)	(2)	(3)
10	മലപ്പുറം	107
11	കോഴിക്കോട്	83
12	വയനാട്	26
13	കണ്ണൂർ	84
14	കാസർഗോഡ്	41
	ആകെ	1060

(ബി) ഇവർക്ക് പ്രതിമാസം 6000 രൂപയാണ് ഓണറേറിയമായി നൽകുന്നത്.

(സി&ഡി) പരിശോധിച്ചുവരുന്നു.

മാനസികാരോഗ്യ കേന്ദ്രങ്ങളുടെ പ്രവർത്തനം

85 (4369) ശ്രീ. എ. പ്രദീപ്കുമാർ :
ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ :
ശ്രീ. പി.റ്റി.എ. റഹീം :
ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സർക്കാർ ഉടമസ്ഥതയിലുള്ള മാനസികാരോഗ്യ കേന്ദ്രങ്ങളുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ; കണ്ടെത്തിയ പ്രധാന പ്രശ്നങ്ങൾ എന്തൊക്കെയായിരുന്നു;

(ബി) ചികിത്സയ്ക്കും പരിചരണത്തിനും ആവശ്യത്തിന് ജീവനക്കാരില്ലാത്തത് പരിഹരിക്കാൻ എന്ത് നടപടി സ്വീകരിച്ചു ?

ഉത്തരം

(എ) വിലയിരുത്തിയിട്ടുണ്ട്. മാനസികാരോഗ്യ കേന്ദ്രങ്ങളിലെത്തുന്ന രോഗികളുടെ ആധിക്യത്തിനനുസരിച്ച് ഭൗതിക സാഹചര്യങ്ങളുടെയും ജീവനക്കാരുടെയും അപര്യാപ്തത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly